# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 108      11-02-2016 ൽ മറുപടിക്ക്

# തൊഴിൽ നൈപുണ്യ വികസന പദ്ധതി

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം. പി വിൻസെന്റ്
ശ്രീ. എം. എ വാഹിദ്
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ. പി. കെ. അബ്ദുറബ്ബ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി , ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഹയർ സെക്കണ്ടറി , ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് , വിവര സാങ്കേതിക വിദ്യ , ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകി വരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ താഴെ സൂചിപ്പിക്കുന്നനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി പ്ലസ് വൺ വിദ്യാർത്ഥികൾക്കും ബിരുദവിദ്യാർത്ഥികൾക്കും റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും , കോളേജുകളിലും അസാപ്പിന്റെ കീഴിൽ 105-ൽ പരം സ്കിൽ ഡവലപ്പ്മെന്റ് സെന്ററുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു.<br><br>വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ സെന്ററിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുകയും ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ചിലവിൽ ഓരോ സെന്ററിലേക്കും കേബിൾ നെറ്റ്‌വർക്ക് കണക്ഷനും സജ്ജമാക്കിയിട്ടുണ്ട്. ഓരോ സ്കിൽ സെന്ററിന്റെയും ക്ലാസ്സ് മുറികളിൽ പ്രൊജക്ടേഴ്സ് സ്ഥാപിച്ചിട്ടുണ്ട്.<br>ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. ഇതിനോടകം 50000ൽ അധികം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>ധാരാളം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ